(ഡി) ഈ അപേക്ഷകളിലന്മേൽ സമയബന്ധിതമായ തീർപ്പു കല്പിച്ച് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള എന്തെല്ലാം നടപടികളെടുത്തു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**പാരമ്പര്യ വൈദ്യന്മാർക്ക് ക്ഷേമനിധി**

**66 (4226)** ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പാരമ്പര്യ വൈദ്യന്മാർക്ക് ക്ഷേമനിധി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനുവേണ്ടി നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ ?

(സി) ക്ഷേമനിധി എന്നുമുതൽ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പാരമ്പര്യവൈദ്യന്മാർ 'തൊഴിലാളി' എന്ന നിർവചനത്തിൽപ്പെടാത്തിനാൽ തൊഴിൽ വകുപ്പിന്റെ കീഴിൽ അവർക്കായി ക്ഷേമനിധി രൂപവൽക്കരിക്കാൻ നിർവ്വാഹമില്ല. എന്നാൽ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള കേരള കൈതൊഴിലാളി വിദഗ്ദ്ധ തൊഴിലാളിക്ഷേമ പദ്ധതിയിൽ സ്വയം തൊഴിൽ ചെയ്യുന്ന അസംഘടിത വിഭാഗക്കാർക്കും അംഗമാകാം എന്ന വ്യവസ്ഥയുള്ളതിനാൽ ഈ വിഭാഗക്കാർക്കും പ്രസ്തുത ക്ഷേമപദ്ധതിയിൽ അംഗമാകാവുന്നതാണ്.

(ബി & സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി-എഫ്) ഇല്ല. വ്യാപാരി ക്ഷേമനിധി ബോർഡിന്റെ പുനഃസംഘടന നികുതി വകുപ്പിന്റെ പരിഗണനയിലാണ്.

**ചെങ്ങന്നൂർ ഗവ. ഐ.ടി.ഐ. യിൽ നിന്നുള്ള ട്രെയിനികൾക്ക് നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലെന്ന പരാതി**

**67 (4227)** ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങന്നൂർ ഗവൺമെന്റ് ഐ.ടി.ഐ. യിൽ നിന്ന് 1992 വർഷം പാസ്സായ ട്രെയിനികൾക്ക് നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പല വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റ് ലഭിക്കാത്തതുമൂലം ബുദ്ധിമുട്ടനുഭവിക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സർട്ടിഫിക്കറ്റ് അനുവദിക്കാതിരുന്നതിന്റെ സാങ്കേതിക ബുദ്ധിമുട്ട് എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) സർട്ടിഫിക്കറ്റുകൾ ഉടൻ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ഇവ എന്നത്തേയ്ക്ക് ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല. ചെങ്ങന്നൂർ ഗവൺമെന്റ് ഐ.ടി.ഐ. യിൽ നിന്നും 1992 വർഷം വിവിധ ട്രേഡുകളിലായി ട്രേഡ് ടെസ്റ്റ് പാസ്സായിട്ടുള്ള എല്ലാ ട്രെയിനികൾക്കും സർട്ടിഫിക്കറ്റ് തയ്യാറാക്കുന്നതിലേയ്ക്കായി ബ്ലാങ്ക് എൻ.ടി.സി. ഫാറങ്ങൾ ട്രെയിനിംഗ് ഡയറക്ടറേറ്റിൽ നിന്നും ചെങ്ങന്നൂർ ഐ.ടി.ഐ. പ്രിൻസിപ്പാളിന് വിതരണം നടത്തിയിരുന്നുവെങ്കിലും അത് മുൻ വർഷങ്ങളിലെ ട്രെയിനികൾക്കാണ് നൽകിയത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ചെങ്ങന്നൂർ ഐ.ടി.ഐ. യിൽ നിന്നും 1992-ൽ ട്രേഡ് ടെസ്റ്റ് പാസ്സായ പരിശീലകർക്ക് സർട്ടിഫിക്കറ്റ് തയ്യാറാക്കുന്നതിലേയ്ക്കായി ബ്ലാങ്ക് സർട്ടിഫിക്കറ്റുകൾ ഡയറക്ടറേറ്റിൽ നിന്നും 26-4-1995-ൽ വിതരണം നടത്തിയിരുന്നു. എന്നാൽ ഈ സർട്ടിഫിക്കറ്റുകൾ മുൻവർഷങ്ങളിൽ പാസ്സായ ട്രെയിനികൾക്ക് സർട്ടിഫിക്കറ്റ് തയ്യാറാക്കുന്നതിനായി ചെങ്ങന്നൂർ ഐ.ടി.ഐ. പ്രിൻസിപ്പാൾ ഉപയോഗിച്ചതുകൊണ്ടാണ് 1992-ൽ പാസ്സായവർക്ക് യഥാസമയം സർട്ടിഫിക്കറ്റ് വിതരണം നടത്താൻ കഴിയാത്തത്.

(ഡി) ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് ന്യൂഡൽഹിൽ നിന്നാണ് സർട്ടിഫിക്കറ്റ് ഫാറങ്ങൾ വിതരണം ചെയ്യുന്നതും പൂരിപ്പിച്ച സർട്ടിഫിക്കറ്റുകൾ മേലൊപ്പുചാർത്തി നൽകുന്നതും. ഡി.ജി.ഇ.റ്റി. യിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് മുൻവർഷങ്ങളിൽ പാസ്സായ ട്രെയിനികൾക്ക് സർട്ടിഫിക്കറ്റ് വിതരണം നടത്താൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) എൻ.സി.വി.റ്റി. സർട്ടിഫിക്കറ്റ് ഫാറം ലഭിക്കുന്ന മുറയ്ക്ക് അവ മുൻഗണനാക്രമത്തിൽ ട്രെയിനികൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**അസ്ട്രാൽ വാച്ചസ് ജീവനക്കാരിയായ ശ്രീമതി പി. കെ. സരളയുടെ മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് അപേക്ഷ**

**68 (4228)** ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ. എസ്. ഐ. പദ്ധതിപ്രകാരം മെഡിക്കൽ റീ ഇംപേഴ്സ്മെന്റിന് അപേക്ഷ നൽകിയ കാസർഗോഡ് ജില്ലയിലെ ആസ്ട്രാൽ വച്ചാണ് ജീവനക്കാരിയായ ശ്രീമതി പി. കെ. സരളയ്ക്ക് ഇനിയും അത് അനുവദിച്ചിട്ടില്ലായെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly